**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1638** **16-10-2026-ൽ മറുപടിയ്ക്ക്**

**കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നം.24/2026/ഗതാഗത നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ റോഡ് സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും 'കേരള റോഡ് സുരക്ഷാ മിഷൻ' നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം. നാഷണൽ ഹൈവേ 66 പോലുള്ള മൾട്ടിലൈൻ ആധുനിക പാതകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ, സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി സീബ്രാ ലൈനുകളുടെ വ്യക്തത, ദൃശ്യപരത, വീതി, സ്ഥാനം എന്നിവ ബന്ധപ്പെട്ട സാങ്കേതിക മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കാൽനടയാത്രക്കാർ കൂടുതലായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ, അപകടസാധ്യതയുള്ള റോഡുകൾ, തിരക്കേറിയ ജംഗ്ഷനുകൾ എന്നിവ കണ്ടെത്തി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും സീബ്രാ ലൈനുകൾ സ്ഥാപിക്കുന്നതിനും പുനർരേഖപ്പെടുത്തുന്നതിനും, കാൽനടയാത്രക്കാർക്കായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.സംസ്ഥാനത്ത് സുരക്ഷിതമായ ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും, ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും, കാൽനടയാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു ഗതാഗത നയം രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത് സംബന്ധിച്ച് ആദ്യഘട്ടമായി വ്യാപകമായ റോഡ് സുരക്ഷാ

സാക്ഷരതാ ക്യാമ്പയിനുകൾ നടത്തുന്നതിനും, സീബ്രാ ലൈനുകളുടെ വീതി കൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. IRC: 103-2022 മാനദണ്ഡങ്ങൾ പ്രകാരം സീബ്രാ വരികളുടെ വീതി 2 മുതൽ 4 മീറ്റർ വരെയാണെങ്കിലും, കാൽനടയാത്രക്കാരുടെ സുരക്ഷയും മികച്ച ഡ്രൈവർ ഗ്രഹണശക്തിയും (Driver Perception) ഉറപ്പാക്കുന്നതിനാണ് ഈ മാറ്റങ്ങൾ നടപ്പിലാക്കുന്നത്. ആദ്യ പടിയെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട, പട്ടം, സ്റ്റാച്യു തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ള 2-4 മീറ്ററിൽ നിന്ന് 6 മുതൽ 8 മീറ്റർ വരെയാക്കി വികസിപ്പിക്കുന്നതിനും റോഡിന്റെ ഇരുവശത്തുമുള്ള ബാരിക്കേഡുകളുടെ വ്യാപ്തി കുറച്ചുകൊണ്ട് നടപ്പാതകളും (Footpath) നടപ്പാതയിലേക്കുള്ള പ്രവേശന കവാടങ്ങളും വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഡിസൈൻ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കിഴക്കേകോട്ടയിൽ സീബ്രാ ക്രോസിങ് വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) ഭരണാനുമതിയും ഫണ്ടും മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും, തിരക്കേറിയ റോഡുകളിലും കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ, സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ്, റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള പോലീസ്, നാറ്റ്പാക് എന്നിവയുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചു വരുന്നു.

**(ബി)** വാഹനങ്ങളുടെ ബാഹുല്യത്താൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് ഏറെ പ്രയാസം അനുഭവിക്കേണ്ടിവരുന്ന സാഹചര്യത്തിൽ റോഡുകളിലെ സീബ്രാ ലൈനുകളുടെ വീതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നം.24/2026/ഗതാഗത നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ റോഡ് സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും 'കേരള റോഡ് സുരക്ഷാ മിഷൻ' നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം. നാഷണൽ ഹൈവേ 66 പോലുള്ള മൾട്ടിലൈൻ ആധുനിക പാതകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ, സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി സീബ്രാ ലൈനുകളുടെ വ്യക്തത, ദൃശ്യപരത, വീതി, സ്ഥാനം എന്നിവ ബന്ധപ്പെട്ട സാങ്കേതിക മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കാൽനടയാത്രക്കാർ കൂടുതലായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ, അപകടസാധ്യതയുള്ള റോഡുകൾ, തിരക്കേറിയ ജംഗ്ഷനുകൾ എന്നിവ കണ്ടെത്തി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും സീബ്രാ ലൈനുകൾ സ്ഥാപിക്കുന്നതിനും പുനർരേഖപ്പെടുത്തുന്നതിനും, കാൽനടയാത്രക്കാർക്കായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ബന്ധപ്പെട്ട

വകുപ്പുകളുമായി ഏകോപനം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.സംസ്ഥാനത്ത് സുരക്ഷിതമായ ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും, ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും, കാൽനടയാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു ഗതാഗത നയം രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത് സംബന്ധിച്ച് ആദ്യഘട്ടമായി വ്യാപകമായ റോഡ് സുരക്ഷാ സാക്ഷരതാ ക്യാമ്പയിനുകൾ നടത്തുന്നതിനും, സീബ്രാ ലൈനുകളുടെ വീതി കൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. IRC: 103-2022 മാനദണ്ഡങ്ങൾ പ്രകാരം സീബ്രാ വരികളുടെ വീതി 2 മുതൽ 4 മീറ്റർ വരെയാണെങ്കിലും, കാൽനടയാത്രക്കാരുടെ സുരക്ഷയും മികച്ച ഡ്രൈവർ ഗ്രഹണശക്തിയും (Driver Perception) ഉറപ്പാക്കുന്നതിനാണ് ഈ മാറ്റങ്ങൾ നടപ്പിലാക്കുന്നത്. ആദ്യ പടിയെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട, പട്ടം, സ്റ്റാച്യു തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ള 2-4 മീറ്ററിൽ നിന്ന് 6 മുതൽ 8 മീറ്റർ വരെയാക്കി വികസിപ്പിക്കുന്നതിനും റോഡിന്റെ ഇരുവശത്തുമുള്ള ബാരിക്കേഡുകളുടെ വ്യാപ്തി കുറച്ചുകൊണ്ട് നടപ്പാതകളും (Footpath) നടപ്പാതയിലേക്കുള്ള പ്രവേശന കവാടങ്ങളും വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഡിസൈൻ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കിഴക്കേകോട്ടയിൽ സീബ്രാ ക്രോസിങ് വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) ഭരണാനുമതിയും ഫണ്ടും മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും, തിരക്കേറിയ റോഡുകളിലും കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ, സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ്, റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള പോലീസ്, നാറ്റ്പാക് എന്നിവയുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചു വരുന്നു.

**(സി)** മൾട്ടിലൈൻ ട്രാഫിക് വരുന്ന പാതകളിൽ പെഡസ്ട്രിയൻ ക്രോസിംഗ് റെസ്ക്യൂ സ്പോട്ട് സജ്ജീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഒന്നിലധികം ലെയിനുകളിലൂടെ വാഹനഗതാഗതം നടക്കുന്ന റോഡുകളിൽ കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനായി പെഡസ്ട്രിയൻ ക്രോസിംഗ് റെഫ്യൂജ് ഐലൻഡ് (Pedestrian Crossing Refuge Island) ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് റോഡിന്റെ വീതി, വാഹനങ്ങളുടെ ഗതാഗതത്തിരക്ക്, കാൽനടയാത്രക്കാരുടെ എണ്ണം, റോഡിന്റെ രൂപകൽപ്പന, ലഭ്യമായ സ്ഥലം എന്നിവ പരിശോധിച്ച് സാങ്കേതികമായി അനുയോജ്യമായ സ്ഥലങ്ങളിൽ ഇത്തരം സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട റോഡ് ഏജൻസികളായ പൊതുമരാമത്ത് വകുപ്പ്, ദേശീയപാത അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടാതെ മോട്ടോർ വാഹന വകുപ്പ്, റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള പോലീസ്, നാറ്റ്പാക് എന്നിവയുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**